# ഉയർപ്പുക്കാലം

## ഒന്നാം ഞായർ

## വചന വിചിന്തനം

മത്താ 28,1-10

**ഈസ്റ്റർ പ്രത്യാശയുടെ ഉത്സവമാണ്!**
**എങ്കിൽ, ഈസ്റ്റർ സമ്മാനിക്കുന്ന വലിയ ചിന്ത**
**കണ്ണുനീരിനപ്പുറം കന്മദമായി കർത്താവ് കാത്തുനിൽക്കുന്നു**
**എന്നുള്ള വലിയ തിരിച്ചറിവാണ്...**

സങ്കടപ്പെടുന്ന ജീവിതങ്ങൾക്കുള്ള പ്രത്യാശയാണ് ഈസ്റ്റർ! കാരണം, ക്രിസ്തുവിനെ കണ്ടുമുട്ടുന്നവരാരും ഇനിമേൽ കരയേണ്ട....

ദുഃഖം സന്തോഷമായി മാറ്റപ്പെടുന്ന ഒരു ഉത്സവമുണ്ടെങ്കിൽ ആ ഉത്സവത്തിന്റെ പേരാണ് "ഈസ്റ്റർ." ഉത്ഥാനത്തെ കുറിച്ച് കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും രസകരമായ കഥകളിലൊന്ന് ഇപ്രകാരമാണ്.

ഭാര്യയും ഭർത്താവും ജറുസലേം തീർത്ഥാടനം നടത്തുകയാണ്. സന്ദർശന സമയത്ത് ഭാര്യ അവിടെ വെച്ച് മരണപ്പെട്ടു. ഇനി എന്ത് ചെയ്യണം എന്നറിയാതെ തേങ്ങി നിൽക്കുന്ന ഭർത്താവ് അവസാനം പള്ളിയിലെ അച്ചനെ ചെന്നു കണ്ടു. പള്ളിയിലെ അച്ചൻ ഭർത്താവോട് ഇപ്രകാരം പറഞ്ഞു;

"നിങ്ങള്ക്ക് ശവശരീരം നാട്ടില് കൊണ്ടുപോകണമെങ്കിൽ പതിനായിരം ഡോളർ ചിലവിടേണ്ടിവരും. മറിച്ച്, ഇവിടെ സംസ്കരിക്കയാണെങ്കിൽ നൂറു ഡോളർ മതി. ഇവിടുത്തെ എല്ലാ കാര്യങ്ങളും ഞാൻ ചെയ്ത് തരാം. ഇനി എന്തുവേണമെന്ന് പറഞ്ഞാൽ മതി."

അൽപ്പ നേരത്ത നിശബ്ദതയ്ക്ക് ശേഷം ഭർത്താവ് അച്ചനേട് പറഞ്ഞു; "ഞാൻ എന്റെ ഭാര്യയെ നാട്ടില് കൊണ്ടുപോകയാണ്..."

ഭർത്താവിന്റെ ആഗ്രഹപ്രകാരം ഭാര്യയുടെ ശവശരീരം നാട്ടിലേയ്ക്ക് കൊണ്ടുപോകാനുള്ള തയ്യാറെടുപ്പെല്ലാം കഴിഞ്ഞപ്പോൾ, ഭർത്താവിന്റെ അടുത്ത് വന്ന് പള്ളിയിലെ അച്ചൻ സ്വകാര്യമായി ചോദിച്ചു;

"ഇത്രമാത്രം ചിലവ് കൂടിയ ഈ തീരുമാനം എടുക്കാന് കാരണം എന്താണ്?"

ഭർത്താവ് അച്ചനോട് ഇപ്രകാരം മറുപടി പറഞ്ഞു:

"നിങ്ങൾ യേശു ക്രിസ്തുവിനെ ഇവിടെ ആണല്ലോ സംസ്ക്കരിച്ചത്... മൂന്നാം നാൾ അദ്ദേഹം ഉയർത്തെഴുന്നേറ്റില്ലേ? ഇനി ഒരു റിസ്ക് എടുക്കാൻ ഞാനില്ല!!!"

ഈസ്റ്റർ പ്രത്യാശയുടെ ഉത്സവമാണ്. ആർഷഭാരത സംസ്ക്കാരത്തിലെ ഏറ്റവും വലിയ പ്രാർത്ഥനകളിലൊന്ന്, "അസത്യോമ സത്ഗമയഃ, തമസോമ ജ്യോതീർ ഗമയഃ, മൃത്യോർമ അമൃതം ഗമയഃ" എന്നതാണ്. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേയ്ക്കും അസത്യത്തിൽ നിന്ന് സത്യത്തിലേയ്ക്കും മരണത്തിൽ നിന്ന് ജീവനിലേയ്ക്കും ഞങ്ങളെ നയിക്കണമേ എന്നുള്ള മനുഷ്യകുലത്തിന്റെ നിലവിളിക്കുള്ള ഉത്തരമാണ് ഉത്ഥാനതിരുന്നാൾ. ക്രിസ്തുവിന്റെ ഉത്ഥാനം വിശ്വാസികൾക്ക് വലിയ ആനന്ദത്തിനുള്ള കാരണമാണ്. കാരണം, ജീവിതത്തിലെ വലുതും ചെറുതുമായ സഹനങ്ങൾ ക്രിസ്തുവിന്റെ കുരിശിനോട് ചേർത്തു വച്ച് സഹിക്കുമ്പോൾ, സഹിക്കുന്നവൻ സ്വപ്നം കാണുന്നത് കണ്ണുനീരിനപ്പുറം കന്മദവുമായി കാത്തു നിൽക്കുന്ന കർത്താവിനെയാണ്.

ഈസ്റ്റർ പ്രതീക്ഷയുടെ, പ്രത്യാശയുടെ ഉത്സവമാണെങ്കിൽ, ഇന്ന് മനുഷ്യക്കുലം ഏറ്റവും അധികം തേടുന്നതും കാത്തിരിക്കുന്നതും ഈ പ്രതീക്ഷയും പ്രത്യാശയും

തന്നെയാണ്. പണ്ടെത്തേക്കാൾ ഏറെ മനുഷ്യൻ ദൈവാന്വേഷിയായിരുക്കുന്നു... ദൈവത്തെ തേടുന്നവരുടെയും ദേവാലയങ്ങളുടെയും എണ്ണം വർദ്ധിച്ചിരിക്കുന്നു. ധ്യാനകേന്ദ്രങ്ങളിൽ നിന്ന് ധ്യാനകേന്ദ്രങ്ങളിലേയ്ക്ക് മനുഷ്യൻ തീർത്ഥാടനം നടത്തുന്നു. തീർത്ഥാടനകേന്ദ്രങ്ങളിലും വിശുദ്ധൻമാരുടെ കപ്പേളകളിലും ഇന്ന് നിൽക്കുവൻ പോലും സ്ഥലമില്ല. മനുഷ്യൻ നെട്ടോടമോടുകയാണ്. അവന് വേണ്ടത് ഒന്നുമാത്രമാണ്, സമാധാനം. സമാധാനമില്ലാത്ത അവസ്ഥ അത് പ്രത്യാശയില്ലാത്ത അവസ്ഥയാണ്. ചുരുക്കത്തിൽ, ഉത്ഥിതനെ അനുഭവിച്ചറിയാത്ത അവസ്ഥയാണ്. പ്രശ്നങ്ങളില്ലാത്തവരല്ല ജീവിതത്തിൽ വിജയിച്ചവർ. മറിച്ച്, പ്രശ്നങ്ങളെ അതിജീവിച്ചവരാണ് ജീവിതത്തിൽ വിജയിച്ചവർ. ഉത്ഥിതന്റെ പ്രകാശത്തിൽ ജീവിക്കുക... ചിന്തിക്കുക... പ്രവർത്തിക്കുക...

ലണ്ടനിലെ ഒരു തെരുവോരത്തിരുന്ന് അന്ധനായ ഒരാൾ യാചിക്കുകയാണ്. നമ്മുടെ നാട്ടിലെ പോലെ "അമ്മേ..., സാറേ...." എന്ന് വിളിച്ചു കരയുകയല്ല. പകരം ഒരു കാർഡ് ബോർഡ് അരികിലുണ്ട്. അതിൽ കളർ പെൻസിൽകൊണ്ട് ഇങ്ങനെ എഴുതി വെച്ചിരിക്കുന്നു.

"I am blind. Please help..."

"കണ്ണ് കാണാത്തവനാണ്, സഹായിക്കണം..."

അരികിൽ ഒരു ടിന്നും വെച്ചിട്ടുണ്ട്. അതിലാവട്ടെ കാര്യമായിട്ടൊന്നും വീണിട്ടില്ല. ഏതാനും ചില്ലറ തുട്ടുകളല്ലാതെ.

പ്രഭാതത്തിൽ കോളേജിലേക്ക് പോകുന്ന പെൺകുട്ടി അന്ധനായ വൃദ്ധനെ കണ്ടു. അൽപ സമയം അരികിൽ നിന്നു അയാളെയും പരിസരവും വീക്ഷിച്ച ശേഷം, അവൾ പതുക്കെ അയാൾക്കരികിൽ വന്നു. എന്നിട്ട് ആ ബോർഡ് കയ്യിലെടുത്ത് എന്തൊക്കെയോ ചെയ്തുകൂട്ടി.

ആയ്യാൾ ചോദിച്ചു, "എന്താ കുട്ടീ ചെയ്യുന്നത്?"

അവൾ അയാളെ നോക്കി ഒരു പുഞ്ചിരിയോടെ മൊഴിഞ്ഞു;

"ഞാനീ ബോർഡൊന്ന് മാറ്റിയെഴുതുകയാണ്..."

അൽപം കഴിഞ്ഞ് ആ പെൺകുട്ടി തിരിച്ചു പോയതായും ശബ്ദത്തിലൂടെ അയാൾ മനസ്സിലാക്കി. തുടർന്നായിരുന്നു അത്ഭുതം...!! അതുവരെ നിശബ്ദമായിരുന്ന തകരപ്പാട്ടയ്ക്ക് ശബ്ദം വെച്ചു. പണം നിരന്തരം വന്നു വീഴുന്നതിന്റെ ശബ്ദമായിരുന്നു അത്. അവ ആസ്വദിച്ചുകൊണ്ട് സന്തോഷത്തോടെ ആ വൃദ്ധൻ ഇരുന്നു. വൈകുന്നേരം തിരിച്ചു പോകുമ്പോൾ ആ പെൺകുട്ടി വീണ്ടും അയാൾക്കരികിലെത്തി. നിറഞ്ഞ ടിന്നും നിറഞ്ഞ സന്തോഷം സ്ഫുരിക്കുന്ന മുഖവും കണ്ടവൾക്ക് വളരെ സന്തോഷമായി.

അവൾ പതിയെ വിളിച്ചു; "ഹലോ..."

അയാൾ ആ ശബ്ദം തിരിച്ചറിഞ്ഞു.

വൃദ്ധൻ അവളോട് ചോദിച്ചു;

"കുട്ടി ബോർഡ് മാറ്റിയെഴുതിയ ശേഷം ടിന്നിൽ നിറയെ പണം വന്നല്ലോ! എന്താണതിൽ എഴുതിയത്...?" അയാൾക്കതറിയാൻ ആകാംക്ഷയായി...

"ഓ... അതോ... ഞാനാ വാക്കുകൾ ചെറുതായൊന്ന് മാറ്റി. പകരം ഇങ്ങനെ എഴുതി..."

"Its a beautifull day...

but, I can't see it."

"ഈ ദിനം മനോഹരം...

പക്ഷേ, എനിക്കത് കാണാനാവില്ലല്ലോ..."

കാഴ്ചയില്ലാത്തവന്റെ സങ്കടം വിതുമ്പുന്ന, മനസ്സുത്രയും പ്രതിഫലിപ്പിക്കുന്ന വരികൾ.... പറയുന്ന, ചിന്തിക്കുന്ന, പ്രവർത്തിക്കുന്ന രീതിയാണ് പ്രധാനം... "യേശു

"കല്ലറ മൂടിയ കല്ല് ആര് ഉരുട്ടി മാറ്റും?"
ആകുലതകൾക്ക് വിരാമമിടാൻ ദൈവം മാലാഖമാരെ ഒരുക്കി നിറുത്തിയിരുന്നു. നിന്റെ ജീവിതത്തിലെ ആകുലതകൾക്കും കർത്താവിന്റെ മുമ്പിൽ പരിഹാരമുണ്ട്...

അവരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12). പ്രകാശത്തിന്റെ മക്കൾ പ്രകാശമുള്ളവരെ പോലെ ചിന്തിക്കുന്നു പ്രവർത്തിക്കുന്നു... ഉത്ഥിതന്റെ മക്കൾ ഉത്ഥിതനെപ്പോലെയും!

ക്രിസ്തുവിന്റെ ഉത്ഥാനത്തിനെ മുന്നിൽ വച്ച് പൗലോസ്ശ്ലീഹ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്; "മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ?" (1കോറി 15,55). മരണത്തിൽ നിന്ന് അമർത്യതയിലേയ്ക്ക് നയിക്കേണ്ട ഗുരുക്കൻമാർ മരണത്തിന് മുമ്പിൽ തോൽവി സമ്മതിച്ചപ്പോൾ "ഞാനാണ് പുനരുത്ഥാനവും ജീവനും" എന്നരുൾ ചെയ്തവൻ മാത്രമാണ് മരണത്തെ തോൽപ്പിച്ച് ജയസന്തോഷങ്ങളോടെ ഉയർത്തെഴുന്നേറ്റവൻ! ഈ ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വാസമർപ്പിച്ച് ജീവിക്കുന്നവരാരും ഒന്നിനേയും ഭയപ്പെടേണ്ട. കാരണം, ഉത്ഥിതനായ ക്രിസ്തു തന്റെ പ്രിയപ്പെട്ടവർക്കുമുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ അവരോട് പറയുന്നതും ഇതുതന്നെയാണ്.

"യേശു അവരുടെ മദ്ധ്യേ പ്രത്യക്ഷനായി അവരോട് അരുളിച്ചെയ്തു: നിങ്ങൾക്കു സമാധാനം! നിങ്ങൾ അസ്വസ്ഥരാകുന്നതെന്തിന്?" (ലൂക്കാ 24,36).

"യേശു അവരോട് പറഞ്ഞു: ഭയപ്പെടേണ്ട..." (മത്താ 28,10).

ഉത്ഥിതനെ അനുഭവിച്ചറിഞ്ഞ വ്യക്തി തികഞ്ഞ സമാധാനം അനുഭവിക്കുന്നു. കാരണം, ഉത്ഥിതനായ ക്രിസ്തു തന്നെ സ്വീകരിച്ചവർക്ക് ആശംസിച്ചത് "നിങ്ങൾക്ക് സമാധാനം..." എന്നാണ്. ഉത്ഥിതനെ അനുഭവിച്ചറിഞ്ഞ വ്യക്തിയെ തിരിച്ചറിയാനും ഉള്ള മാനദണ്ഢവും ഇതു തന്നെയാണ്, "വ്യക്തി സമാധാനത്തിലാണോ വർത്തിക്കുന്നത്?" ഒപ്പം, ഉത്ഥിതൻ സമ്മാനിക്കുന്ന വലിയ ആശ്വാസം, "ഉത്ഥിതന്റെ ചാരെ നിൽക്കുന്നവരാരും കരയണ്ട" എന്നുള്ളതാണ്. കാരണം, മറിയം കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നിൽക്കുന്നു. അവൻ അവളോടു ചോദിക്കുന്നു; "സ്ത്രീയേ, എന്തിനാണു നീ കരയുന്നത്?" (യോഹ 20,13).

"ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്തിന്?" (ലൂക്കാ 24,5). ഉത്ഥിതനെ നാം എവിടെയാണ് തേടിക്കൊണ്ടിരിക്കുന്നത്!

"മരിക്കും എന്നുള്ള ഉറപ്പോടെ ഈ ഭൂമുഖത്ത് ജീവിക്കുന്ന ഏക ജീവി, അത് മനുഷ്യനാണ്." ഈ ഉറപ്പ് തന്നെയാണ് അവന്റെ വലിയ ഭയത്തിനും ഉത്കണ്ഠയ്ക്കും കാരണം. ഇതിനെ അതിജീവിക്കാൻ കഴിയണമെങ്കിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രത്യാശ സ്വന്തമാക്കാൻ സാധിക്കണം. ലാസറിനെ ഉയർപ്പിക്കുമ്പോൾ ക്രിസ്തു മറിയത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്, "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻമരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല" (യോഹ 11,25 - 26). മരണം, വിശ്വാസികൾക്ക് അവസാന വാക്കല്ല. മറിച്ച്, ആരംഭം മാത്രമാണ്. ക്രിസ്തുവിനോട് കൂടെയുള്ള പറുദീസായിലെ വിരുന്നിന്റെ ആരംഭം!

***"എനിക്ക് ജീവിതം ക്രിസ്തുവും,***
***മരണം നേട്ടവുമാണ്"***

**ഫിലി 1,21**

ഫാ. ജോബി മേനോത്ത് : +91 944 7777 931